**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5286** **21-03-2025 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസം വഴി നേടിയ സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ നിന്ന് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ/ പാരലൽ സ്റ്റഡി എന്നിവയിലൂടെ വിവിധ യോഗ്യതകൾ കരസ്ഥമാക്കിയവരുടെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുകയും രജിസ്റ്റർ നമ്പറുകൾ വീണ്ടെടുക്കാനാവാത്ത വിധം നഷ്ടപ്പെടുകയും ചെയ്യുന്ന സ്ഥിതിയിൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾ, രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള വിവരം ഒന്നുമില്ലാതെ, ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾക്കായി സർവ്വകലാശാലകളെ സമീപിക്കാറുണ്ട്. |
| (ബി) | യോഗ്യത നേടിയ വർഷവും പരീക്ഷാ കേന്ദ്രത്തിന്റെ പേരും മാത്രം അറിയാവുന്ന ഇത്തരം സാഹചര്യങ്ങളിലുള്ളവർക്ക് രജിസ്റ്റർ നമ്പർ വീണ്ടെടുത്ത് നൽകുന്നതിന് എന്തുമാർഗ്ഗമാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കുമോ ; വ്യക്തമാക്കാമോ; | (ബി) | സർവകലാശാലാ പരീക്ഷാ സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനു മുൻപുള്ള കാലത്തു പഠിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ കാര്യത്തിൽ വിവരങ്ങൾ കണ്ടെത്തി സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എങ്കിലും എല്ലാ അപേക്ഷകരോടും അനുഭാവ പൂർണമായ സമീപനമാണ് സർവകലാശാലകൾ സ്വീകരിക്കുന്നത്. |
| (സി) | ഇവർക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സർവകലാശാലകൾ സ്വീകരിച്ചു വരുന്ന നടപടി എന്തെല്ലാമാണ്; വിശദമാക്കുമോ;? | (സി) | സർവകലാശാലകളിൽ കംപ്യൂട്ടർവത്കരണം, ആൽഫ ന്യൂമെറിക്കൽ രജിസ്റ്റർ നമ്പർ സംവിധാനം നിലവിൽ വന്നതിനു ശേഷമുള്ള രേഖകൾ കാലതാമസമില്ലാതെ തന്നെ അപേക്ഷകർക്ക് നൽകുന്നുണ്ട്. വളരെ വർഷങ്ങൾക്ക് മുൻപുള്ളതും വിദ്യാർത്ഥിയെ തിരിച്ചറിയാനുള്ള പൂർണ്ണ വിവരങ്ങൾ ലഭ്യമല്ലാത്തതുമായ കേസുകളിൽ ഒന്നിലധികം ടാബുലേഷൻ രജിസ്റ്ററുകളും രേഖകളും കണ്ടെത്തി പരിശോധിച്ച മാത്രമേ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നല്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ